സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

2021-2022 സാമ്പത്തിക വർഷത്തെ പൂജാദ്രവ്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ പുന:ലേലം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 459/21/NS** നന്തൻകോട് **27/03/2021**

---

പരാമർശം :- 1) 22-01-2021 ലെ മേൽ നമ്പർ ഉത്തരവ്.
2) ദേവസ്വം കമ്മീഷണർ ആഫീസിലെ 27-03-2021 ലെ ROC 8763/2016/NS-2 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ദേവസ്വങ്ങളിലെ 2021-22 സാമ്പത്തിക വർഷത്തെ പൂജാദ്രവ്യങ്ങൾ ഉൾപ്പെടെയുള്ള ലേലങ്ങൾ 2017-18, 2018-19, 2019-20 എന്നീ മൂന്ന് വർഷങ്ങളുടെ ലേല തുകയുടെ ശരാശരി തുകയിൽ 10 ശതമാനം വർദ്ധനവ് വരുത്തി അടിസ്ഥാന ലേല തുക നിശ്ചയിച്ച് ലേലം നടത്തുന്നതിന് അനുവദിച്ച് ബോർഡുത്തരവായി (പരാമർശം -1).

പ്രസ്തുത ഉത്തരവ് പ്രകാരം അടിസ്ഥാന ലേല തുക രണ്ട് ലക്ഷത്തിന് താഴെയുള്ള ലേലങ്ങൾ നടത്തുന്നതിന് അതത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും രണ്ട് ലക്ഷത്തിന് മുകളിൽ നടത്തുന്നതിന് അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെയും ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ ചുമതലയിലുള്ള ലേലങ്ങൾ ടി ആഫീസുകളിൽ വച്ച് 08-03-2021, 09-03-2021 എന്നീ തീയതികളിൽ ഇ-ടെന്ററും, 24-03-2021, 25-03-2021 എന്നീ തീയതികളിൽ റീ-ഇടെന്ററും നടത്തിയിട്ടുള്ളതാണെന്നും ആയതിൽ 164 എണ്ണത്തിൽ 19 എണ്ണം മാത്രമാണ് ലേലം കൊണ്ടിട്ടുള്ളതെന്നും 26-03-2021 മുതൽ ടി ലേലങ്ങൾ ഓപ്പൺ ലേലം നടത്തുന്നതിന് എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും ഉത്തരവ് നൽകിയിട്ടുള്ളതാണെന്നും ആയതിൻപ്രകാരം നടത്തിയ ലേലങ്ങളിൽ കൂടുതലായി ആരും പങ്കെടുത്തിട്ടില്ലാത്തതാണെന്നും പരാമർശം 2 പ്രകാരം ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു.

യഥാസമയം ടി ലേലങ്ങൾ നടത്തി തുക ഡിപ്പാർട്ട്മെന്റിലേക്ക് ഒടുക്ക് വരുത്താത്ത പക്ഷം ഡിപ്പാർട്ട്മെന്റിന് സാമ്പത്തിക ഭദ്രതയെ

(മറുപുറം)

ബാധിക്കുമെന്നതിനാൽ നിലവിലുളള മിനിമം ലേല തുകയിൽ ലേലം വിളി ആരംഭിച്ച് ക്രമാനുസൃതമായി 25 % വരെ തുക കുറച്ച് ലേലം വിളിക്കുന്നതിന് അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ തുടർന്ന് വിവരിച്ചിരിക്കുന്നു (പരാമർശം -2).

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിലെ വസ്തുതകൾ പരിശോധിച്ചു.

2021-22 സാമ്പത്തിക വർഷത്തെ പൂജാദ്രവ്യങ്ങൾ ഉൾപ്പെടെയുളളവയുടെ ലേലങ്ങളിൽ ഇതുവരെ ആരും പങ്കെടുക്കാത്ത ഇനങ്ങൾക്ക് പരാമർശം 1 ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുളള ലേല തുകയിൽ നിന്നും 10 % കുറവ് ചെയ്ത് ലേലം വിളിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK